# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**നന്തൻകോട് കവടിയാർ. പി.ഒ തിരുവനന്തപുരം 695003**

**ഫോൺ. 0471 2314288 ഇ മെയിൽ. dcotdb@gmail.com**

ദേവസ്വം കമ്മീഷണർ ആഫീസ്

തിരുവനന്തപുരം. **15/07/2024.**

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1200–ലെ (2024-25) മണ്ഡലം–മകരവിളക്ക് മേടവിഷു, മാസപൂജ എന്നീ ഉത്സവങ്ങളോടനുബന്ധിച്ച്, പമ്പയിൽ ബലിത്തറകൾ കെട്ടി പിതൃപൂജ നടത്തി കൊടുക്കുന്നതിന് താൽപ്പര്യമുള്ള പുരോഹിതരിൽ നിന്നും ചുവടെ വിവരിക്കുന്നനിബന്ധനകൾക്ക് വിധേയമായി അപേക്ഷകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1. അപേക്ഷകൻ പതിനെട്ട് വയസ്സ് പൂർത്തിയായിരിക്കേണ്ടതാണ്.. ആയത് തെളിയിക്കുന്ന സർട്ടിഫിക്കററ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
2. അപേക്ഷകൻ ക്രിമിനൽ കേസ്സിൽ പ്രതിചേർത്തിട്ടുള്ള ആളായിരിക്കുവാൻ പാടുള്ളതല്ല. ആയത് തെളിയിക്കുന്നതിലേക്കായി താമസസ്ഥലത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർ നൽകുന്ന പോലീസ് ക്ളിയറൻസ് സർട്ടിഫിക്കററ് (2024 **ജൂൺ** മാസത്തിന് ശേഷമുള്ളത്) ഹാജരാക്കേണ്ടതാണ്
3. അപേക്ഷകൻ സമൂഹത്തിൽ നല്ല പുരോഹിതൻ എന്ന നിലയിൽ അംഗീകാരം ഉള്ള വ്യക്തി ആയിരിക്കേണ്ടതും, സ്വഭാവ ദൂഷ്യം ഉള്ള വ്യക്തി ആയിരിക്കുവാൻ പാടില്ലാത്തതുമാണ്.
4. അപേക്ഷകൻ പുരോഹിതവൃത്തിയിൽ പ്രാവീണ്യം ഉണ്ട് എന്ന് ബോധ്യപ്പെടുത്തുന്നതിലേക്കായി തന്ത്രി സമാജം/തന്ത്രിയിൽ നിന്നുമുള്ള സർട്ടിഫിക്കററ് ഹാജരാക്കേണ്ടതാണ്.
5. അപേക്ഷകരെ മുൻകൂട്ടി നിശ്ചയിക്കുന്ന തീയതിയിൽ ദേവസ്വം ബോർഡ് ആസ്ഥാനത്ത് വച്ച് ഉന്നതധികാര പാനൽ ഇന്റർവ്യൂ നടത്തുന്നതാണ്. ആയതിൽ യോഗ്യത നേടുന്നവരെ ഉൾപ്പെടുത്തി ദേവസ്വം ബോർഡ് ആസ്ഥാനത്ത് വച്ച് പരസ്യലേല നടപടികളിലൂടെ അർഹമായ ബലിത്തറകൾ ക്രമ പ്രകാരം അനുവദിക്കുന്നതാണ്.
6. യോഗ്യരായ അപേക്ഷകരെ മുറപ്രകാരം തെരഞ്ഞെടുക്കുന്നതും ആയവർക്ക് നിശ്ചിത ബലിത്തറ മണ്ഡലം–മകരവിളക്ക് മേടവിഷു മാസപൂജ എന്നീ കാലയളവിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള അവകാശം അനുവദിക്കുന്നതുമാണ്.
7. ഒരു അപേക്ഷകൻ ഒരു അപേക്ഷയിൽ കൂടുതൽ സമർപ്പിക്കുവാൻ പാടില്ലാത്തതാണ്.അപ്രകാരംഉള്ളഅപേക്ഷകൾനിരാകരിക്കുന്നതിനും

സ്വീകരിക്കുന്നതിനുമുള്ള അവകാശം ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും.

8. മണ്ഡലം–മകരവിളക്ക്, മേടവിഷു, മാസപൂജ കാലയളവിലേക്ക് ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ അറിയിപ്പ് ലഭിച്ച് കൃത്യം അഞ്ച് ദിവസത്തിനകം അടിസ്ഥാന ലേല തുക രണ്ട് ലക്ഷം രൂപ വരെയുള്ളത് ഒന്നാകെയും ആയതിന് മുകളിൽ ഉള്ളവ ലേല തുകയുടെ 50 ശതമാനവും ശബരിമല എക്സിക്യൂട്ടീവ് ഓഫീസിൽ ഹാജരായി ഒടുക്ക് വരുത്തേണ്ടതാണ്. ബാക്കി തുക നവംബർ 30 ന് അകം ഒടുക്ക് വരുത്താവുന്നതാണ് എന്ന സമ്മതപത്രം എക്സിക്യൂട്ടീവ് ആഫിസിൽ ഹാജരാക്കേണ്ടതുമാണ്. നിശ്ചിത ദിവസത്തിനകം തുക ഒടുക്ക് വരുത്താത്ത പക്ഷം മറ്റൊരാൾക്ക് ടി തറനൽകുന്നതിന് ഡിപ്പാർട്ട്മെന്റ് നിർബന്ധിതമാകുന്നതാണ്.
9. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ടി പ്രവർത്തി അല്ലാതെ മററ് യാതൊരു പ്രവർത്തിയിലും പമ്പ ഭാഗത്ത് വച്ച് ഏർപ്പെടുവാൻ പാടില്ലാത്തതാണ്.
10. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ നിർബന്ധമായും ഡിപ്പാർട്ട്മെന്റ് നൽകുന്ന തിരിച്ചറിയൽ കാർഡ് ധരിച്ചിരിക്കേണ്ടതാണ്.
11. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർട്ട്മെന്റ് അറിവോ സമ്മതമോ ഇല്ലാതെ ടി തറ മററാർക്കും നൽകുവാൻ പാടില്ലാത്തതാണ്.
12. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ യാതൊരു കാരണവശാലും പുകയില ഉൽപന്നങ്ങളും ലഹരി വസ്തുക്കളും ടി ഭാഗത്ത് വച്ച് ഉപയോഗിക്കുവാൻ പാടില്ലാത്തതും, നിയമം അനുവദിക്കാത്ത യാതൊരു പ്രവർത്തിയും ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു.
13. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ യാതൊരു തരത്തിലും അയപ്പന്മാരെ ചൂഷണം ചെയ്യുവാൻ പാടില്ലാത്തതാണ്.
14. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർട്ട്മെന്റ് അളന്ന് നൽകുന്ന അളവിനപ്പുറം സ്ഥലത്ത് ബലിത്തറ കെട്ടുവാൻ പാടില്ലാത്തതാണ്. അപ്രകാരം ബോദ്ധ്യപ്പെട്ടാൽ ആയത് മുൻ അറിയിപ്പ് കൂടാതെ തന്നെ പൊളിച്ച് നീക്കുന്നതാണ്.
15. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദേശങ്ങൾ പാലിക്കുന്നതിന് ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.
16. ബലിത്തറ പ്രവർത്തിപ്പിക്കുന്നതിന് അവകാശം ലഭിക്കുന്ന പുരോഹിതർ ഡിപ്പാർട്ട്മെന്റ് പിതൃപൂജ നടത്തി കൊടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള തുകയിൽ കൂടുതൽ അയ്യപ്പന്മാരിൽ നിന്നും ഈടാക്കുവാൻ പാടില്ലാത്തതാണ്.

**17.** അപേക്ഷകൾ <u>**05-08-2024**</u> വൈകുന്നരം <u>**5.00**</u> മണിക്ക് മുമ്പായി **ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്,തിരുവനന്തപുരം 695003** എന്ന മേൽ വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയ പരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

**18.** 20–ാം നമ്പർ ബലിത്തറ ശബരിമലയ്ക്ക് ചുററുമുള്ള ആദിവാസി മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടിക വിഭാഗത്തിൽപ്പെട്ടവർക്കായി ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംവരണം ചെയ്തിട്ടുള്ളതാണ്. ആയതിലേയ്ക്ക് **"RESERVED FOR SHEDULED TRIBE"** എന്ന തലക്കെട്ടോടുകൂടി പ്രത്യേക അപേക്ഷ ലഭ്യമാണ്. ടി ബലിത്തറയക്ക് ശബരിമല ആദിവാസിമേഖലയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികവിഭാഗത്തിൽപ്പെട്ടവർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**19.** 20–ാം നമ്പർ ബലിത്തറയക്ക് അപേക്ഷ സമർപ്പിക്കുന്ന ശബരി മലയ്ക്ക് ചുററുമുള്ള ആദിവാസിമേഖലയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികവിഭാഗത്തിൽപ്പെട്ടവർ ടി വിഭാഗത്തിൽ ഉൾപ്പെട്ടവരാണ് എന്ന് തെളിയിക്കുന്ന ബന്ധപ്പെട്ട വില്ലേജ് ആഫീസർ/തഹസിൽദാരുടെ സമുദായ സർട്ടിഫിക്കററ് ഹാജരാക്കേണ്ടതാണ്.

**20.** മേൽമാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുന്ന അപേക്ഷ കളിന്മേലുള്ള അന്തിമ തീരുമാനം ദേവസ്വം കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും

**ROC NO : 12318/24/SAB**

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**
തിരുവിതാംകൂർ ദേവസ്വം ബോർഡ്
തിരുവനന്തപുരം– 695003

**15/07/2024**

PHOTO

**സ്വാമി ശരണം**

**ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1200 (2024-2025) മണ്ഡലം-മകരവിളക്ക് അടിയന്തിരങ്ങളോടനുബന്ധിച്ച് 1200 വൃശ്ചികം 1 മുതൽ 1201 തുലാം 30 വരെയുള്ള കാലയളവിലേയ്ക്ക് പമ്പയിൽ നിശ്ചിത സ്ഥലത്ത് ബലിത്തറ കെട്ടി പിതൃ പൂജ നടത്തുന്നതിന് പുരോഹിത നിയമനത്തിനുള്ള അപേക്ഷ.**

| | |
|---|---|
| **1.** അപേക്ഷകന്റെ പേര് | |
| **2.** സ്ഥിരമേൽവിലാസം | |
| **3.** അച്ഛന്റെ പേര് | |
| **4.** ജനനത്തീയതിയും,വയസ്സും | |
| **5.** ജാതി,മതം | |
| **6.** വയസ്സ് തെളിയിക്കുന്നതിനായി ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ് | |
| **7.** ജാതി തെളിയിക്കുന്നതിന് ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ് | |
| **8.** മുൻപരിചയംതെളിയിക്കുന്നതിനായി ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ് | |
| **9.** വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനായി ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ് | |

**10.** അപേക്ഷകൻ ക്രിമനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ?ഏതെങ്കിലും കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ

സ്ഥലം :

തീയതി:

അപേക്ഷകന്റെ ഒപ്പ്

| RESERVED FOR THE APPLICANT FROM THE SCHEDULED TRIBE FROM THE FOREST SETTLEMENT IN AND AROUND SABARIMALA |
|---|

PHOTO

**സ്വാമി ശരണം**

**ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1200 (2024-2025) മണ്ഡലം-മകരവിളക്ക് അടിയന്തിരങ്ങളോടനുബന്ധിച്ച് 1200 വൃശ്ചികം 1 മുതൽ 1201തുലാം 30 വരെയുള്ള കാലയളവിലേയ്ക്ക് പമ്പയിലെ 20-ാം നമ്പർ ബലിത്തറയ്ക്കുള്ള പുരോഹിത നിയമനത്തിനുള്ള അപേക്ഷ.**

| | |
|---|---|
| **1.** അപേക്ഷകന്റെ പേര് | |
| **2.** സ്ഥിരമേൽവിലാസം | |
| **3.** അച്ഛന്റെ പേര് | |
| **4.** ജനനത്തീയതിയും,വയസ്സും | |
| **5.** ജാതി,മതം | |
| **6.** വയസ്സ് തെളിയിക്കുന്നതിനായി ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ് | |
| **7.** ജാതി തെളിയിക്കുന്നതിന് ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ് | |
| **8.** മുൻപരിചയംതെളിയിക്കുന്നതിനായി ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ് | |
| **9.** വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനായി ചേർത്തിട്ടുള്ള സർട്ടിഫിക്കറ്റ് | |

**10.** അപേക്ഷകൻ ക്രിമനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ?ഏതെങ്കിലും കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ

സ്ഥലം :

അപേക്ഷകന്റെ ഒപ്പ്

തീയതി

| ക്രമ നമ്പർ | ബലിത്തറ നമ്പർ | 1200 എം.ഇയിൽബലിത്തറകൾക്ക് അടിസ്ഥാന തുക |
|---|---|---|
| **1.** | **1** | **7,72,000** |
| **2.** | **2** | **3,87,200** |
| **3.** | **3** | **2,80,500** |
| **4.** | **4** | **1,94,700** |
| **5.** | **5** | **1,11,375** |
| **6.** | **6** | **1,05,050** |
| **7.** | **7** | **61,050** |
| **8.** | **8** | **50,600** |
| **9.** | **9** | **37,675** |
| **10.** | **10** | **44,000** |
| **11.** | **11** | **36,520** |
| **12.** | **12** | **39,160** |
| **13.** | **13** | **28,600** |
| **14.** | **14** | **29,260** |
| **15.** | **15** | **28,600** |
| **16.** | **16** | **44,000** |
| **17.** | **17** | **1,10,550** |
| **18.** | **18** | **1,17,150** |
| **19.** | **19** | **1,68,300** |
| **20.** | **20** | **2,25,501** |

**ആർ.ഒ.സി. 12318/24/SAB**
15.07.2024

(ഒപ്പ്)
ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്